# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *250 — 12.03.2018 -ലെ മറുപടിയ്ക്ക്

## കാമ്പസുകളിൽ ജനാധിപത്യാവകാശം സംരക്ഷിക്കപ്പെടാൻ നടപടി

*ചോദ്യം*

ശ്രീ. സി. കെ. ശശീന്ദ്രൻ
,, ഇ. പി. ജയരാജൻ
,, എ. പ്രദീപ്കുമാർ
,, കെ. ബാബു

*ഉത്തരം*

പ്രൊഫ. സി രവീന്ദ്രനാഥ്
(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവകലാശാലകളെയും ഗവേഷണ സ്ഥാപനങ്ങളെയും ലോകോത്തര നിലവാരത്തിലേക്കുയർത്തുവാനായി പരിപാടിയുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; അറിവുല്പാദന പ്രക്രിയയിലും അറിവ് സാമൂഹ്യ പുരോഗതിക്കായി ജനങ്ങളിലേക്ക് എത്തിക്കുന്നതിനും ഇത്തരം സ്ഥാപനങ്ങൾ പ്രതീക്ഷിത നിലവാരത്തിലേക്ക് ഉയർന്നിട്ടുണ്ടോ; വ്യക്തമാക്കുമോ | (എ) | സംസ്ഥാനത്തെ സർവകലാശാലകളെയും ഗവേഷണ സ്ഥാപനങ്ങളെയും ലോകോത്തര നിലവാരത്തിലേക്കുയർ -ത്തുവാൻ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ചുവടെപ്പറയുന്ന കർമ്മ പദ്ധതികൾക്ക് ആകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>1. ഔട്ട്കം ബെയിസ്ഡ് എഡ്യുക്കേഷൻ ആന്റ് ഗ്രാജുവേറ്റ് ആർട്രിബ്യൂട്ട്സ്:<br><br>2. ഇന്റഗ്രേഷൻ ഓഫ് ബ്രെയിൻ ഗയിൻ കൺസെപ്റ്റ് ടു എറുഡൈറ്റ് സ്കീം:<br><br>3. അക്കാദമിക് വോളന്റിയർ ബാങ്ക്:<br><br>4. ഗവേഷകരുടെ പ്രശ്നങ്ങൾ പഠിക്കാൻ കമ്മിറ്റി.<br><br>5. അദ്ധ്യാപക ഒഴിവുകൾ നികത്തുന്നത് പഠിക്കാൻ കമ്മിറ്റി<br><br>6. സർവ്വകലാശാലകളുടെ സാമ്പത്തിക സ്ഥിതി പഠിക്കുന്നതിന് കമ്മിറ്റി<br><br>7. ബിരുദാനന്തര ബിരുദ |

| | | | |
|---|---|---|---|
| | | | പാഠ്യപദ്ധതിയുടെ പുന:സംഘാടനം<br><br>**8.** ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളുടെ പ്രശ്നങ്ങൾ പഠിക്കാൻ കമ്മിറ്റി<br><br>9. അഖില കേരള ഉന്നത വിദ്യാഭ്യാസ സർവ്വേ<br><br>**10.** സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷ കലണ്ടറും<br><br>**11.** പ്രബുദ്ധത (കമ്മ്യൂണിറ്റി ഹയർ എഡ്യൂക്കേഷൻ)<br><br>**12.** ലേണർ എക്കോസിസ്റ്റം കാമ്പസുകൾ<br><br>13. രാജ്യത്തെ തെരഞ്ഞെടുത്ത ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ലോക നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള 'Institutions of Eminence' (മികവിന്റെ കേന്ദ്രങ്ങൾ) എന്ന കേന്ദ്ര സർക്കാരിന്റെ പദ്ധതിയിലേയ്ക്ക് കുസാറ്റും കേരള സർവ്വകലാശാലയും പ്രാഥമിക പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | കേന്ദ്ര മന്ത്രിമാരും ചില ഭരണഘടനാ സ്ഥാപനങ്ങളിൽ മുഖ്യസ്ഥാനം വഹിക്കുന്നവരും അംഗീകൃത ശാസ്ത്രസത്യങ്ങളെയും ചരിത്ര വസ്തുതകളെയും നിരസിച്ചുകൊണ്ട് അന്ധവിശ്വാസജടിലവും യുക്തിഹീനവുമായ സങ്കല്പങ്ങളെ ശാസ്ത്രത്തിന്റെ സ്ഥാനത്ത് പ്രതിഷ്ഠിക്കുന്നത് സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഗവേഷണ സ്ഥാപനങ്ങളുടെയും സർഗ്ഗാത്മകതക്കും സംവാദാത്മകതക്കും ഹാനികരമാകാതിരിക്കാൻ | (ബി) & (സി) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഗവേഷണ സ്ഥാപനങ്ങളിലും കാമ്പസുകളിലും, ശാസ്ത്രീയ ചിന്താധാരകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഭരണഘടനാദത്തമായ ജനാധിപത്യാവകാശം സംരക്ഷിക്കുവാനും സ്വയം ഭരണ സ്ഥാപനങ്ങളായ സർവ്വകലാശാലകളും സർക്കാരും പ്രതിജ്ഞാബദ്ധമാണ്. |

| | | | |
|---|---|---|---|
| | നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | | |
| (സി) | ജനാധിപത്യപരമായ സംഘടനാവകാശങ്ങളെ തകർത്തുകൊണ്ട് പിന്തിരിപ്പൻ ആശയ സംഹിതയുടെ പുനരുജ്ജീവനത്തിന് ചില കേന്ദ്രങ്ങൾ ശ്രമിക്കുന്നത് അവസാനിപ്പിക്കുവാനായി കാമ്പസുകളിൽ ഭരണഘടനാദത്തമായ ജനാധിപത്യാവകാശം സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ